**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2428** — **04-03-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷനിലെ കേന്ദ്ര വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ കേന്ദ്ര വിഹിതം കൃത്യമായി ലഭിക്കാത്തതു മൂലം ഗുണഭോക്താക്കൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **2024-25 ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 2024 ഏപ്രിൽ മാസം മുതൽ മുടക്കം കൂടാതെ എല്ലാ മാസങ്ങളിലും സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തി വരുന്നു. സംസ്ഥാന വിഹിതം അനുവദിക്കുന്നതോടൊപ്പം തന്നെ കേന്ദ്രവിഹിതവും അനുവദിച്ച് വിതരണം നടത്തി വരുന്നു. സംസ്ഥാനം മുൻകൂറായി കേന്ദ്രവിഹിതം അനുവദിക്കുകയും ഈ തുക സംസ്ഥാനത്തിന് കേന്ദ്രം റീ-ഇംബേഴ്സ്മെന്റായി പിന്നീട് അനുവദിക്കുകയും ചെയ്യുന്നു. ഇപ്രകാരം പെൻഷൻ വിതരണ സമയത്ത് സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും 2 ബില്ലുകളായാണ് അനുവദിക്കുന്നത്. 2025 ഫെബ്രുവരി മാസം വരെ വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷന്റെ കേന്ദ്ര വിഹിതവും സംസ്ഥാന സർക്കാർ തന്നെ ഗുണഭോക്താക്കൾക്ക് ഇതിനോടകം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ കേന്ദ്രവിഹിതം ലഭ്യമായിട്ടില്ല.**<br><br>**2024-25 സാമ്പത്തിക വർഷത്തെ ആദ്യ പാദം വരെയുള്ള കേന്ദ്രവിഹിതം മാത്രമേ ലഭ്യമായിട്ടുള്ളൂ. കേന്ദ്രവിഹിതം നിലവിൽ 5 മാസത്തെ കുടിശ്ശികയുണ്ട്.** |
| (ബി) | കേന്ദ്ര വിഹിതം എത്ര മാസത്തെ കുടിശ്ശികയുണ്ട്; | (ബി) | **2024-25 ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 2024 ഏപ്രിൽ മാസം മുതൽ മുടക്കം കൂടാതെ എല്ലാ മാസങ്ങളിലും സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തി വരുന്നു. സംസ്ഥാന വിഹിതം അനുവദിക്കുന്നതോടൊപ്പം തന്നെ കേന്ദ്രവിഹിതവും അനുവദിച്ച് വിതരണം നടത്തി വരുന്നു. സംസ്ഥാനം മുൻകൂറായി കേന്ദ്രവിഹിതം അനുവദിക്കുകയും ഈ തുക സംസ്ഥാനത്തിന് കേന്ദ്രം റീ-ഇംബേഴ്സ്മെന്റായി പിന്നീട് അനുവദിക്കുകയും ചെയ്യുന്നു. ഇപ്രകാരം പെൻഷൻ വിതരണ സമയത്ത് സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും 2 ബില്ലുകളായാണ് അനുവദിക്കുന്നത്. 2025 ഫെബ്രുവരി മാസം വരെ വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷന്റെ കേന്ദ്ര വിഹിതവും സംസ്ഥാന സർക്കാർ തന്നെ ഗുണഭോക്താക്കൾക്ക് ഇതിനോടകം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ കേന്ദ്രവിഹിതം ലഭ്യമായിട്ടില്ല.**<br><br>**2024-25 സാമ്പത്തിക വർഷത്തെ ആദ്യ പാദം വരെയുള്ള കേന്ദ്രവിഹിതം മാത്രമേ ലഭ്യമായിട്ടുള്ളൂ. കേന്ദ്രവിഹിതം നിലവിൽ 5 മാസത്തെ കുടിശ്ശികയുണ്ട്.** |
| (സി) | കേന്ദ്ര വിഹിതം ലഭിക്കുന്ന പെൻഷൻകാരുടെ എണ്ണം വ്യക്തമാക്കുമോ? | (സി) | കേന്ദ്രവിഹിതം ലഭിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻകാരുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| നം. | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | പ്രതിമാസ കേന്ദ്ര |
|---|---|---|---|

| | | | |
|---|---|---|---|
| | | | വിഹിതം |
| 1. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (പ്രായം 60 മുതൽ 79 വയസ്സ വരെ ) | 342032 | 200/- രൂപ നിരക്കിൽ |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (പ്രായം 80 വയസ്സും അതിനു മുകളിലും ) | 116781 | 500/- രൂപ നിരക്കിൽ |
| 2. | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 368358 | 300/- രൂപ നിരക്കിൽ |
| 3. | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 19285 | 300/- രൂപ നിരക്കിൽ |
| ആകെ | | 846456 | |

സെക്ഷൻ ഓഫീസർ